**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1661** **08-02-2023 - ൽ മറുപടിയ്ക്ക്**

**പൊലിമ പുതുക്കാട് കാർഷിക പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിലെ നാല്പതിനായിരത്തോളം വനിതകളെ കൃഷിയിലേയ്ക്ക് നയിക്കുന്ന പൊലിമ പുതുക്കാട് കാർഷിക പദ്ധതിയ്ക്കായി വിത്ത്, പച്ചക്കറി തൈകൾ, വളം, ജൈവ കീടനാശിനികൾ, ധനസഹായം എന്നിവ അനുവദിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (എ) | കൃഷി വകുപ്പിന്റെ നിലവിലുള്ള പച്ചക്കറി വികസന പദ്ധതി പുതുക്കാട് കാർഷിക വികസന പദ്ധതിയായ പൊലിമയുമായി സംയോജിപ്പിച്ച് പച്ചക്കറി തൈകളും വിത്തുകളും വിതരണം ചെയ്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ പച്ചക്കറി തൈകൾക്കും വിത്തിനുമായി ആകെ 1,97,500/- രൂപയും ചിലവഴിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലിയിൽ തന്നെ പച്ചക്കറി വികസന പദ്ധതിയിൽ മിച്ചം വരുന്നതായി കണക്കാക്കുന്ന 8 ലക്ഷം രൂപ കൂടി സ്വരൂപിച്ച് പൊലിമ പദ്ധതിയിൽ കൂടുതൽ പച്ചക്കറി തൈകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ എട്ട് പഞ്ചായത്തുകളിലായി കുടുംബശ്രീ അംഗങ്ങളുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചിട്ടുള്ള പൊലിമ പുതുക്കാട് കാർഷിക പദ്ധതിയ്ക്കായി പ്രത്യേക ഫണ്ട് അനുവദിക്കുമോ; വിശദമാക്കുമോ? | (ബി) | കൃഷി വകുപ്പ് പൊലിമ പദ്ധതിയ്ക്കായി പ്രത്യേക ഫണ്ട് അനുവദിച്ചിട്ടില്ല. എന്നാൽ കൃഷി വകുപ്പിന്റെ പച്ചക്കറി വികസന പദ്ധതിയ്ക്കായി അനുവദിച്ച തുക പൊലിമ പദ്ധതിയുമായി സംയോജിപ്പിച്ച് പദ്ധതി നിർവ്വഹണം നടത്തി വരുന്നു. നിലവിൽ കൊടകര ബ്ലോക്ക് പഞ്ചായത്ത് പച്ചക്കറി വികസന പദ്ധതിയായ "പൊലിമ 2022-23" -നുവേണ്ടി 1,75,000/- രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ